"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -29.03.2025 ന് ന്യൂഡൽഹിയിൽ വച്ച് നടന്ന SKOCH Award-2025 സ്വീകരിക്കൽ ചടങ്ങിൽ തിരുവനന്തപുരം നഗരസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്ത നഗരസഭാ സെക്രട്ടറി ശ്രീ.ജഹാംഗീർ.എസ്-ന്റെ യാത്രയ്ക്ക് സാധൂകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ.യു)വകുപ്പ്

സ.ഉ.(സാധാ) നം.1720/2025/LSGD    തീയതി,തിരുവനന്തപുരം, 11-07-2025

---

പരാമർശം:-

1. 18.03.2025-ലെ SKOCH മാനേജിംഗ് ഡയറക്ടറുടെ കത്ത്.
2. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 20.03.2025 ലെ C7/33/2025 നമ്പർ അപേക്ഷ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 25.03.2025-ലെ LSGD/PD/9717/2025-DEA1, 02.07.2025-ലെ LSGD/PD/10255/2025-EER2 നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിൽ WATER TANKER PASS ISSUANCE AND MONITORING SYSTEM കാര്യക്ഷമമായി നടപ്പിലാക്കിയതിന് 2025- ലെ SKOCH AWARD-ന് തിരുവനന്തപുരം നഗരസഭയെ തെരഞ്ഞെടുത്തിട്ടുള്ളതിനാൽ 29.03.2025-ന് ഡൽഹിയിൽ വച്ച് നടക്കുന്ന അവാർഡ്ദാന ചടങ്ങിൽ തിരുവനന്തപുരം നഗരസഭയെ പ്രതിനീധീകരിച്ച് ബഹു.മേയർ ശ്രീമതി. ആര്യ രാജേന്ദ്രൻ, നഗരസഭാ സെക്രട്ടറി എന്നിവർ പങ്കെടുക്കുന്നതിന് പരാമർശം(1) പ്രകാരം ക്ഷണം ലഭിച്ചിട്ടുളളതായി പരാമർശം(3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറും, പരമർശം(2) പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയും അറിയിച്ചിരുന്നു. മേൽ അവാർഡ് ചടങ്ങിൽ ബഹു.മേയർ പങ്കെടുത്തില്ല എന്നും, നഗരസഭയെ പ്രതിനിധീകരിച്ച്, സെക്രട്ടറി ശ്രീ ജഹാംഗീർ എസ് മാത്രമാണ് പങ്കെടുത്തത് എന്നും 02.07.2025-ലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 29.03.2025-ന് ന്യൂഡൽഹിയിൽ വച്ച് നടന്ന SKOCH Award-2025 സ്വീകരിക്കൽ ചടങ്ങിൽ തിരുവനന്തപുരം നഗരസഭയെ പ്രതിനിധീകരിച്ച് നഗരസഭാ സെക്രട്ടറി ശ്രീ.ജഹാംഗീർ.എസ്-പങ്കെടുത്ത നടപടി/യാത്രയ്ക്ക് സാധൂകരണം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

മേയർ, തിരുവനന്തപുരം കോർപ്പറേഷൻ

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ശ്രീ ജഹാംഗീർ.എസ്, സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 14-07-2025 10:42:55

സെക്ഷൻ ഓഫീസർ